ഹയർസെക്കന്ററി ഡയറക്ടറുടെ
കാര്യാലയം
ഹൗസിംഗ്ബോർഡ് ബിൽഡിംഗ്,
ശാന്തിനഗർ,
തിരുവനന്തപുരം.

**നം.ഫിൻ.ബി4/94670/17/എച്ച്.എസ്.ഇ** **തീയതി: 15/11/2017**

## സർക്കുലർ

വിഷയം: ഹയർ സെക്കന്ററി വിദ്യാഭ്യാസ വകുപ്പ് - ധനകാര്യം - റിട്ടയർ ചെയ്ത പ്രിൻസിപ്പൽമാർക്ക് പെൻഷൻ നൽകുന്നത് സംബന്ധിച്ച്.

സൂചന: (1) GO(P) No.185/2002/ഫിൻ തീയതി. 27.03.2002
(2) GO(P) No.803/2002/ഫിൻ തീയതി. 30.12.2002
(3) സർക്കുലർ നം. 77/2011/ ധന തീയതി. 02.11.2011
(4) സർക്കുലർ നം. 53/2013/ധന തീയതി 11.06.2013
(5) സർക്കുലർ നം. 57/2017/ധന തീയതി. 19.07.2017

ഹയർസെക്കന്ററി വിദ്യാഭ്യാസ വകുപ്പിലെ സ്കൂൾ പ്രിൻസിപ്പൽമാരുടെ പെൻഷൻ ആനുകൂല്യങ്ങൾ നൽകുന്ന കാര്യത്തിൽ കാലതാമസം ഉണ്ടാകുന്നതായി ശ്രദ്ധയിൽപെട്ടിട്ടുണ്ട്. മാത്രമല്ല പെൻഷൻ ആനുകൂല്യം നിശ്ചിത സമയത്തിനകം തന്നെ നൽകുന്നതിനായി സൂചനകൾ പ്രകാരം ധാരാളം ഉത്തരവുകളും സർക്കുലറുകളും സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ടെങ്കിലും പെൻഷൻ ആനുകൂല്യങ്ങൾ നൽകുമ്പോൾ അവയൊന്നും പാലിക്കുന്നില്ല എന്ന് കാണുന്നു. ആയതിനാൽ സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം പെൻഷൻ ആനുകൂല്യങ്ങൾ നൽകുന്നതിനു വേണ്ട നടപടി സ്വീകരിക്കുന്നതിനായി താഴെപ്പറയുന്ന നിർദ്ദേശങ്ങൾ അറിയിക്കുന്നു.

ഹയർസെക്കന്ററി വിദ്യാഭ്യാസ വകുപ്പിൽ നിന്ന് 2016 ജനുവരി മുതൽ ~~2018~~ 2017 ഒക്ടോബർ വരെ റിട്ടയർ ചെയ്ത പ്രിൻസിപ്പൾമാരുടെയും മറ്റു ജീവനക്കാരുടെയും ബാദ്ധ്യത/ബാദ്ധ്യതാരഹിത സാക്ഷ്യപത്രം നൽകാനും 2017 നവംബർ മുതൽ 2018 ഡിസംബർ വരെ റിട്ടയർ ചെയ്യാനുള്ള അദ്ധ്യാപകരുടെയും പ്രിൻസിപ്പൽമാരുടെയും മറ്റ് ജീവനക്കാരുടെയും മുഴുവൻ വിവരങ്ങളും ഇതോടൊപ്പമുള്ള പ്രഫോർമയിൽ തയ്യാറാക്കി സമർപ്പിക്കണമെന്നും നിർദ്ദേശിക്കുന്നു.

ഡയറക്ടർ **ഇൻ ചാർജ്**

പകർപ്പ്

മേഖലാ ഉപഡയറക്ടർ, ഹയർസെക്കന്ററി വിദ്യാഭ്യാസം തിരുവനന്തപുരം, ചെങ്ങന്നൂർ,കോട്ടയം,എറണാകുളം,മലപ്പുറം,കോഴിക്കോട്, കണ്ണൂർ.

| Sl.No | Name and Designation of employee and address | Office Address and contact No. | School code | Date of Retirement | Whether NLC/LC issued | Remarks/ Reason for delay in pensionary benefit |
|---|---|---|---|---|---|---|
| | | | | | | |

Signature of Head of office with Designation